പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 842

07/02/2013-ൽ മറുപടിയ്ക്കു്

**തിരുവിതാംകൂർ ദേവസ്വം ബോർഡ്**

ചോദ്യം

ശ്രീ. ജി. സുധാകരൻ
ശ്രീ. കെ. വി. അബ്ദുൾ ഖാദർ
ശ്രീ. കെ.കെ. നാരായണൻ
ശ്രീ. ബി. സത്യൻ

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പു മന്ത്രി.

എ) ക്ഷേത്ര സ്വത്തുക്കൾ സംരക്ഷിക്കാൻ പരാജയപ്പെട്ട തിരുവിതാംകൂർ ദേവസ്വം ബോർഡ് പിരിച്ചുവിടേണ്ടതാണെന്ന് കോടതി നിരീക്ഷണം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇപ്രകാരമുള്ള നിരീക്ഷണം ഉണ്ടാകാനിടയായ സാഹചര്യം വില യിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

ബി) സാധനലേലം കള്ളപ്പണവേദിയാക്ക രുതെന്ന് ഹൈക്കോടതി നിരീക്ഷിക്കാ നിടയായെങ്കിൽ അപ്രകാരം നിരീക്ഷി ക്കുവാൻ ഇടയാക്കിയ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ;

എ) & ബി) ബഹു. ഹൈക്കോടതിയിൽ നിന്നുള്ള വിധി ന്യായങ്ങളിൽ ഇപ്രകാരം പരാമർശം നടത്തിയതായി ശ്രദ്ധയിൽപെട്ടിട്ടില്ല. ശബരിമല ലേല നടപടികൾ ആധുനികവൽക്കരിക്കേണ്ട ആവശ്യകതയെ കുറിച്ചും കൂടാതെ ഇപ്പോ ഴത്തെ ലേല രീതി മാറ്റി ഇ-ടെൻഡർ -ലേക്ക് പോകണമെന്നും ബഹു. ഹൈക്കോടതി അഭിപ്രായപ്പെട്ടിട്ടുണ്ട്.

സി) കോടതി നിരീക്ഷണങ്ങളെ തുടർന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഒഴിവുള്ള സ്ഥാനത്തേയ്ക്ക് തെരഞ്ഞെ ടുപ്പ് നടത്താത്തതിന്റെ കാരണം വ്യക്ത മാക്കുമോ?

സി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഒഴിവുള്ള സ്ഥാനത്തേക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാർ തലത്തിൽ ആരംഭിച്ചിട്ടുണ്ട്

സെക്ഷൻ ഓഫീസർ